**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 645** **24-08-2022 - ൽ മറുപടിയ്ക്ക്**

**ഖാദി തുണിത്തരങ്ങളുടെ ഉല്പാദനവും വില്പ്പനയും വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ. പി . ഉബൈദുള്ള ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവാരമുള്ള ഖാദി തുണിത്തരങ്ങൾ ഉല്പാദിപ്പിക്കുവാൻ കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | **ഉണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിലുള്ള ഏറ്റുക്കുടുക്ക കോട്ടൺ പ്രോസസ്സിംഗ് യൂണിറ്റിൽ നിന്നും ഖാദി ഗ്രാമ വ്യവസായ കമ്മീഷനു കീഴിലുള്ള കറ്റൂർ കോട്ടൺ പ്രോസസ്സിംഗ് യൂണിറ്റിൽ നിന്നും ഗുണനിലവാരം ഉറപ്പുവരുത്തി വാങ്ങുന്ന കോട്ടനാണ് സംസ്ഥാനത്ത് ഖാദി തുണിത്തരങ്ങളുടെ ഉൽപാദനത്തിന് വേണ്ടി ഉപയോഗിക്കുന്നത്.** |
| (ബി) | ഖാദി വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | തൊഴിലാളികളുടെ അധ്വാനഭാരം കുറച്ചു കൊണ്ട്, ഉൽപാദനം വർദ്ധിപ്പിക്കാൻ തൊഴിലുപകരണങ്ങൾ നവീകരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. കൂടുതൽ പേർക്ക് തൊഴിലവസരം നൽകാൻ പരിശീലന പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. കൂടുതൽ വൈവിധ്യമുള്ള ഉൽപന്നങ്ങളും, കൂടുതൽ ഡിസൈൻ ഉൾക്കൊള്ളുന്ന വാല്യൂ ആഡഡ് ഉൽപ്പന്നങ്ങളും നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | വില്പ്പന വർദ്ധിപ്പിക്കുന്നതിന് ഖാദി വസ്തുക്കൾ ഓൺലൈൻ വഴി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദാംശം നൽകുമോ? | (സി) | വില്പന വർദ്ധിപ്പിക്കുന്നതിന് ഖാദി ഉൽപന്നങ്ങൾ ഓൺലൈൻ കമ്പനിയായ ഫ്ലിപ്കാർട്ടുമായി സഹകരിച്ച് ലഭ്യമാക്കുന്നുണ്ട്. ഖാദി വില്പന വർദ്ധിപ്പിക്കുന്നതിന് വിപുലമായ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. എല്ലാ ഗവൺമെന്റ് ജീവനക്കാരും ബുധനാഴ്ചകളിൽ ഖാദി/കൈത്തറി വസ്ത്രം ധരിയ്ക്കണമെന്നുള്ള ഉത്തരവിന്റെ ചുവടുപിടിച്ച് വിവിധ സംഘടനകളുമായി ചർച്ചകൾ നടത്തി. സഹകരണ സംഘങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയും, സാമുദായിക സംഘടനകളുടെ കീഴിലുള്ള കോർപ്പറേറ്റ് മാനേജ്മെന്റ് സ്ഥാപനങ്ങളിലും കഴിയുന്നതും ഖാദി ധരിക്കണമെന്ന് നിർദ്ദേശിച്ച് അവരും സർക്കുലർ നൽകിയിട്ടുണ്ട്. ഓണം റിബേറ്റ് സെയിൽസുമായി ബന്ധപ്പെട്ട് സമ്മാന പദ്ധതികൾ നടപ്പാക്കി വരുന്നു. ഒന്നാം സമ്മാനം 10 പവൻ, |

| | | | |
|---|---|---|---|
| | | | രണ്ടാം സമ്മാനം 5 പവൻ, ഓരോ ജില്ലയിലും ഒരു പവൻ വീതം മൂന്നാം സമ്മാനം എന്നിങ്ങനെയാണ് സമ്മാനപദ്ധതി. എല്ലാ ജില്ലകളിലും ഓണം മേളയുടെ ഉദ്ഘാടനം വിപുലമായി നടത്തുകയും ജനങ്ങളിൽ അവബോധം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ചുള്ള വില്പന വർദ്ധനവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ